1

<u>പതിമൂന്നാം കേരള നിയമസഭ</u>
<u>ഏഴാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3090

15.2.2013- ൽ
മറുപടിക്ക്

## കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി |
| കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി 2011-12 ലും, 2012-13 ലും എന്ത് തുക വീതം വകയിരുത്തിയെന്നും, അതിൽ എത്രവീതം ഏതെല്ലാം പ്രവർത്തികൾക്കായി ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ? | കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾക്കായി 2011-12 ലും 2012-13 ലും "കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം 2851-00-106-62" എന്ന ശീർഷകത്തിൽ യഥാക്രമം 20 കോടി രൂപയും 56 കോടി രൂപയും വകയിരുത്തിയിരുന്നു. ഇതുപ്രകാരം 2011-12 ൽ 388 കയർ സഹകരണ സംഘങ്ങൾക്ക് 9,54,73,406/ രൂപ പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധനമായും 4 സംഘങ്ങൾക്ക് സ്ഥിരമൂലധനമായി 4,81,200/- രൂപയും അനുവദിച്ചു നൽകിയിരുന്നു. ഡീഫൈബറിംഗ് സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി 2011-12 ൽ 2 സംഘങ്ങൾക്ക് 18,56,169/ രൂപ അനുവദിച്ചു. 2012-13 ൽ ഇതുവരെ 275 സംഘങ്ങൾക്ക് പ്രവർത്തന മൂലധനമായി 5,12,85,591/- രൂപയും ഒരു ഡീഫൈബറിംഗ് സംഘത്തിന് 11,43,831/- രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ